(ബി) പ്രസ്തുത കോർപ്പറേഷൻ മെട്രോ നഗരമാക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് അറിയിക്കുമോ;

(സി) സമീപപ്രദേശത്തെ ഏതൊക്കെ പഞ്ചായത്തുകളെയാണു ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇപ്പോൾ നഗരത്തോട് കൂടി ചേർക്കാനുദ്ദേശിക്കുന്ന പഞ്ചായത്തുകളോട് ഇത് സംബന്ധിച്ച അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) മെട്രോ നഗരം രൂപീകരിക്കുന്നതിനുള്ള മാനദണ്ഡം ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 243 പിയിൽ വ്യവസ്ഥചെയ്തിട്ടുണ്ട്. അത് പ്രകാരം 10 ലക്ഷത്തിലധികം ജനസംഖ്യയുള്ള ഒരു പ്രദേശത്തിന് മെട്രോ നഗരം രൂപീകരിക്കാവുന്നതാണ്.

(സി) ഉള്ളൂർ, ആറ്റിപ്ര, നേമം, കടകംപള്ളി, തിരുവല്ലം, എന്നീ ഗ്രാമ പഞ്ചായത്തുകൾ തിരുവനന്തപുരം നഗരസഭയിൽ ലയിപ്പിച്ച് 1-10-2000 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) 30-11-99 ലെ വിജ്ഞാപന പ്രകാരം തിരുവനന്തപുരം നഗരസഭയോട് ലയിപ്പിച്ചിട്ടുള്ള ഉള്ളൂർ, നേമം, ആറ്റിപ്ര, കടകംപള്ളി, തിരുവല്ലം എന്നീ ഗ്രാമ പഞ്ചായത്തുകളോട് ഇത് സംബന്ധിച്ച അഭിപ്രായം അതിനുമുമ്പായി ആരാഞ്ഞിട്ടുള്ളതും പ്രസ്തുത ഗ്രാമപഞ്ചായത്തുകൾ ലയനത്തിനനുകൂലമായി പ്രമേയം പാസ്സാക്കി നൽകിയിട്ടുള്ളതുമാണ്.

135 (2291) ടൗൺ പ്ലാനർക്കെതിരെയുള്ള അന്വേഷണം

ശ്രീ. എം.വി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിൽ ടൗൺപ്ലാനറായി ജോലി ചെയ്തിരുന്ന ശ്രീ. പി.കെ. ഗോപിനാഥനെതിരെ അഴിമതിയും ക്രമക്കേടും നടത്തിയതിന്റെ പേരിൽ ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിയിരുന്നോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) തൃശ്ശൂർ അർബൻ ഡെവലപ്പ്മെന്റ് അതോറിറ്റിയിലായിരിക്കെ ശ്രീ.പി.കെ. ഗോപിനാഥൻ നടത്തിയ അഴിമതി സംബന്ധിച്ച് അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണ ഏജൻസി കണ്ടെത്തിയ നിഗമനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇദ്ദേഹത്തിന്റെ പേരിൽ കണ്ടെത്തിയ ക്രമക്കേട് സംബന്ധിച്ച് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) തൃശ്ശൂർ നഗരവികസന അതോറിറ്റിയിലെ ടൗൺപ്ലാനറും തദ്ദേശ സ്വയംഭരണവകുപ്പിൽ യു.ബി.എസ്.പി. സ്റ്റേറ്റ് കോർഡിനേറ്ററായി ഡെപ്യൂട്ടേഷനിൽ ജോലി ചെയ്തിരുന്നതുമായ ശ്രീ. പി.കെ. ഗോപിനാഥൻ, ടിയാൻ യു.സി.എസ്.പി. സ്റ്റേറ്റ് കോർഡിനേറ്ററായി ജോലി ചെയ്തിരുന്ന കാല

LIBRARY ARCHIVES Kerala Legislative Assembly

യളവിൽ നടത്തിയ ചില ക്രമക്കേടുകളെ കുറിച്ച് ക്രൈംബ്രാഞ്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നുണ്ട് (ക്രൈംനമ്പർ. 174/സി.ആർ/99) അന്വേഷണം അതിന്റെ പ്രാരംഭ ഘട്ടത്തിലാണ്.

(ബി)&(സി) ശ്രീ. പി.കെ. ഗോപിനാഥൻ തൃശ്ശൂർ അർബൻ ഡെവലപ്പ്മെന്റ് അതോറിറ്റിയിൽ ടൗൺ പ്ലാനറായിരിക്കെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് നടത്തിയ അഴിമതികൾ സംബന്ധിച്ച് 10-8-87 തീയതിയിലെ സർക്കാർ നിർദ്ദേശം അനുസരിച്ച് വിജിലൻസ് ഡയറക്ടർ വിശദമായി അന്വേഷണം നടത്തിയിട്ടുണ്ട്. പ്രസ്തുത അന്വേഷണത്തിൽ ആരോപണങ്ങൾ തെളിയിക്കപ്പെടുകയും ട്രിബ്യൂണൽ എൻക്വയറി ശുപാർശ ചെയ്യുകയും ചെയ്തു. അതിൻ പ്രകാരം സർക്കാർ ശ്രീ. ഗോപിനാഥനെതിരെ ഒരു ട്രിബ്യൂണൽ എൻക്വയറി ഉത്തരവാകുകയും, കോഴിക്കോട് വിജിലൻസ് ട്രിബ്യൂണൽ നടത്തിയ വിശദമായ അന്വേഷണത്തിൽ ആരോപണങ്ങൾ തെളിയിക്കപ്പെടുകയും വിജിലൻസ് ട്രിബ്യൂണലിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ. പി.കെ. ഗോപിനാഥന്റെ മൂന്നു വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിതാവർത്തിയോടുകൂടി തടഞ്ഞുവച്ചുകൊണ്ട് ഉത്തരവാക്കുകയും ചെയ്തു.

136 (2292) ശിശു വിഹാറുകൾ

<u>ശ്രീ. എ. അലിഹസ്സൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനൊന്നിന പരിപാടിയുടെ ഭാഗമായി സംസ്ഥാനത്ത് പഞ്ചായത്തുകൾ മുഖേന എത്ര ശിശു വിഹാർ കേന്ദ്രങ്ങളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ശിശു വിഹാറുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പഞ്ചായത്തുകൾ മുഖേന പോഷകാഹാരം നൽകുന്നതിന് ഉത്തരവ് നൽകുമോ:

(സി) ശിശു വിഹാറുകളിൽ പഠിപ്പിക്കുന്ന നിർദ്ധന വിഭാഗത്തിൽപ്പെട്ട കുട്ടികളിൽനിന്നും ഫീസ് ഈടാക്കുന്ന നടപടി അവസാനിപ്പിക്കാൻ നിർദ്ദേശം നൽകുമോ:

(ഡി) ശിശു വിഹാറിൽ പഠിപ്പിക്കുന്ന അദ്ധ്യാപികമാരിൽ ഭൂരിപക്ഷവും ഉന്നതവിദ്യാഭ്യാസം നേടിയവരും നഴ്സറി ട്രെയിനിംഗ് കോഴ്സ് പാസ്സായവരുമാണെന്നത് കണക്കിലെടുത്ത് അവർക്ക് ഇപ്പോൾ നൽകിവരുന്ന തുച്ഛമായ വേതനം വർദ്ധിപ്പിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ;

(ഇ) വർഷങ്ങളായി ശിശുവിഹാറിലും മറ്റും സേവനം നടത്തിവരുന്ന ജീവനക്കാരെ പഞ്ചായത്ത് ജീവനക്കാരായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുമോ?

<u>ഉത്തരം</u>

(എ) 261 (ഇരുന്നൂറ്റി അറുപത്തിയൊന്ന്) ശിശു വിഹാറുകൾ.

(ബി) പഞ്ചായത്തുകളുടെ സാമ്പത്തികനില അത്രകണ്ട് മെച്ചമല്ലാത്തതിനാൽ പഞ്ചായത്തുകൾ മുഖേന പോഷകാഹാരം നൽകുന്നതിന് ഉത്തരവ് നൽകുവാൻ തൽക്കാലം നിർവാഹമില്ല.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly